**POLICE** **DEPARTMENT**

**KERALA**

**No. R1-185266/2016/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

phq.pol@kerala.gov.in

04712721547

തീയതി. 13-01-2017

**ലേല പരസ്യം**

01/04/2012 മുതൽ 31/03/2015 വരെയുള്ള കാലയളവിൽ പോലീസ് ആസ്ഥാനത്തെ ഉപയോഗ ശൂന്യമായ 162 ടയറുകൾ ,56 ട്യൂബുകൾ, 84 തരം അൺ സർവീസബിൾ സ്പെയർ പാർട്സുകൾ എന്നിവ 2017 ഫെബ്രുവരി 22ന് പകൽ 11മണിക്ക് സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

**നിരതദ്രവ്യം - 2000 /-രൂപ.**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാക്കേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മുകളിൽ പറഞ്ഞിരിക്കുന്ന തുക നിരതദ്രവ്യമയി കെട്ടിവയ്ക്കേണ്ടതുമാണ്.കൂടാതെ ടി സാധനം വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തികളിൽ നിന്നും മുൻകൂട്ടി മുദ്രവച്ച കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 2017 ഫെബ്രുവരി 20 വൈകുന്നേരം 4 മണിക്ക് മുൻപായി പോലീസ് ആസ്ഥാനത്ത് ലഭിക്കത്തക്കവിധം അയച്ചു തരേണ്ടതാണ്.ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽ പറഞ്ഞിരിക്കുന്ന നിരക്കിലും തുകയ്ക്കുമുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ ഫോറം ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ10 മണിയ്ക്കും വൈകിട്ട് 5 മണിയ്ക്കും ഇടയിൽ പോലീസ് ആസ്ഥാനത്ത് നിന്ന് ലഭിക്കുന്നതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്.ടെണ്ടർ കവറിനു മുകളിൽ **ടയറുകൾ, ട്യൂബുകൾ, അൺ സർവീസബിൾ സ്പെയർ പാർട്സുകൾ** ലേലത്തിനുള്ള ടെണ്ടർ എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യ ലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് ആ തുകയ്ക്ക് യുക്തം എന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ലേലം /ദർഘാസ് തുക നികുതിയുൾപ്പെടെ നിരതദ്രവ്യം ഒഴിച്ച് ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതുമാണ്.പോലീസ് ആസ്ഥാനത്തു നിന്നും ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ലേലം/ദർഘാസ് പ്രകാരം ലഭിച്ച സാധനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്.

മേൽ പറഞ്ഞ പ്രകാരം ലേലം/.ദർഘാസ് കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ട യാളുകളുടെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും ടി സാധനങ്ങൾ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതുമാണ്.പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നതും സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ ടയറുകൾ ,ട്യൂബുകൾ,അൺ സർവീസബിൾ സ്പെയർ പാർട്സുകൾ എന്നിവ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് തിരുവനന്തപുരം പോലീസ്

ആസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് പോലീസ് സൂപ്രണ്ടിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിയ്ക്കാവുന്നതാണ്.

യാതൊരു കാരണവും കാണിയ്ക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എസ് സുരേഷ് ഐ പി എസ്
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്
For State Police Chief

| | | |
|---|---|---|
| സ്വീകർത്താവ് | : | സൂപ്രണ്ട് ഗവ.പ്രസ്സ്,തിരുവനന്തപുരം 5 പകർപ്പുകൾ ഗസറ്റഡ് വിജ്ഞാപനത്തിനായി അയയ്ക്കുന്നു. ADGP SCRB,SP SCRB പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് അയയ്ക്കുന്നു. പോലീസ് ഇൻഫർമേഷൻ ഓഫീസർ ,പി എച്ച് ക്യൂ വിന്റെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി. എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി അയയ്ക്കുന്നു. |
| പകർപ്പ് | : | എസ് പി (എം റ്റി),പി എച്ച് ക്യൂ , ഡി വൈ എസ് പി (എം റ്റി) ഡ്യൂട്ടി ഓഫീസർ പി എച്ച് ക്യൂ വിന്റെയും അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി. ക്യാഷ്യർ, പി എച്ച് ക്യൂ വിന്റെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി. |